**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3005** **07-10-2025 - ൽ മറുപടിയ്ക്ക്**

**പരസ്യത്തിനായി ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ വനം-വന്യജീവി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വിവരം ലഭ്യമാക്കാമോ? | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | വർഷം | പദ്ധതി | പരസ്യം നൽകിയ സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 2021 | ശബരിമല മണ്ഡലകാല മകരവിളക്ക് | Club FM, Red FM, Radio mango, Mirchi, Big FM, All India Radio | 4,95,878/- |
| 2 | 2021 | വന്യജീവി വാരാഘോഷം | Red FM, Radio mango, Mirchi, Big FM, All India Radio | 2,08,374/- |
| 3 | 2021 | ലോക പരിസ്ഥിതി ദിനം | Big FM, Soorya Red FM, Club FM, Radio mango, Mirchi | 1,26,378/- |
| 4 | 2022 | ശബരിമല മണ്ഡലകാല മകരവിളക്ക് | Club FM, Red FM, Radio mango, All India Radio | 1,71,726/- |
| 5 | 2022 | വന്യജീവി വാരാഘോഷം | All India Radio, Doordarshan | 3,32,188/- |
| 6 | 2023 | വന്യജീവി വാരാഘോഷം | Club FM, Red FM, Radio mango, Mirchi, Big FM | 1,38,238/- |
| 7 | 2023 | ശബരിമല മണ്ഡലകാല മകരവിളക്ക് | All India Radio, Club FM | 1,76,408/- |

തിരുവനന്തപുരം വനം ഡിവിഷന്റെ പരിധിയിലുള്ള കുളത്തൂപ്പുഴ റെയിഞ്ചിൽ പുതുതായി നിർമ്മിച്ച് 2023 ആഗസ്റ്റ് മാസം പ്രവർത്തനം ആരംഭിച്ച ഫോറസ്റ്റ് മ്യൂസിയത്തിന്റെ പ്രചരണാർത്ഥമായി സർക്കാർ ഉടമസ്ഥതയിലുള്ള കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന ഹ്രസ്വചിത്രം നിർമ്മിച്ചതിന് **1,77,000/-** രൂപ ചെലവായിട്ടുണ്ട്. കൂടാതെ 2024-25 കാലയളവിൽ "സർപ്പ" ബോധവൽക്കരണ വീഡിയോ ചിത്രീകരണത്തിന് **96,607/-** രൂപയും, പ്രസ്തുത വീഡിയോ സിനിമാ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുന്നതി

ലേക്കായി 37,894/- രൂപയും ചെലവായിട്ടുണ്ട്.

ഇത്തരത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെയായി പരസ്യത്തിനായി 19,60,691/- രൂപ ചെലവായിട്ടുണ്ട്.

വനം വകുപ്പിന്റെ എല്ലാ പരസ്യങ്ങളും, പി.ആർ.ഡി അംഗീകരിച്ച പാനലിൽ നിന്നും തിരഞ്ഞെടുത്ത സ്ഥാപനങ്ങൾക്ക് പി.ആർ.ഡി അംഗീകരിച്ച നിരക്ക് പ്രകാരമാണ് പരസ്യം നൽകിയിട്ടുള്ളത്.